ഭരണഭാഷ മാതൃഭാഷ

നമ്പർ - WCD/ഇ8 -10876/2021

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,തിരുവനന്തപുരം
തീയതി – 05.02.2021
Gmailwcdestablishment2017@gmail.com
Phone No. 0471 – 2346534

## പരിപത്രം

വിഷയം: വനിതശിശു വികസന വകുപ്പ് – ജീവനക്കാര്യം- പ്രോഗ്രാം ഓഫീസർ തസ്തിക ഡിപിസി കൂടുന്നത് – കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ക്ഷണിക്കുന്നത്- സംബന്ധിച്ച്.

സൂചന: 1) സാമൂഹ്യനീതി ഡയറക്ടറുടെ 29.05.2012 ലെ E9-7898/12/DSW നമ്പര് ഉത്തരവ്

2) സാമൂഹ്യനീതി ഡയറക്ടറുടെ 08.02.2017ലെ E9-38008/16 നമ്പർ ഉത്തരവ്.

വനിതാ ശിശു വികസന വകുപ്പിലെ പ്രോഗ്രാം ഓഫീസർ തസ്തികയിൽ 2021 വർഷത്തെ ഒഴിവുകളിലെയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ഡിപിസി (ഹയർ) കൂടുന്നതിനായി ഫീഡർ കാറ്റഗറി ആയ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലെ സൂചന പ്രകാരമുള്ള സീനിയോരിട്ടി ലിസ്റ്റുകളിൽ ഉൾപ്പെടുന്ന ചുവടെ പറയുന്ന ഉദ്യോഗസ്ഥരിൽ നിന്നും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ക്ഷണിക്കുന്നു.

ശിശു വികസന പദ്ധതി ഓഫീസർമാരുടെ പേരുവിവരം

| ക്രമ നമ്പർ | പേര് | സീനിയോരിട്ടി ക്രമ നമ്പർ | സീനിയോരിട്ടി ലിസ്റ്റ് |
|---|---|---|---|
| 1 | ശ്രീമതി എസ് ശ്രീരഞ്ജിനി | 70 | സൂചന 1 |
| 2 | ശ്രീമതി പി കെ ഖദീജമ്മ | 12 | സൂചന 2 |
| 3 | ശ്രീമതി ബീനാമ്മ ജേക്കബ് | 13 | സൂചന 2 |
| 4 | ശ്രീമതി ജോർജിന സുമ പീറ്റർ | 60 | സൂചന 2 |
| 5 | ശ്രീമതി കെ കെ അംബിക | 75 | സൂചന 2 |
| 6 | ശ്രീമതി ടി സതി | 113 | സൂചന 2 |

മേൽ പറയുന്ന ലിസ്റ്റിൽ ഉൾപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ 2018, 2019, 2020 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കലണ്ടർ വർഷ ക്രമത്തിൽ തയ്യാറാക്കി റിപ്പോർട്ടിംഗ്, റിവ്യൂവിംഗ് എനിവയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി സെൽഫ് അസ്സെസ്സ്മെന്റ് ഉൾപ്പെടെ 15.02.2021 ന് മുന്പായി

ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാൻ നിർദേശിക്കുന്നു. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ജീവനക്കാർ നിശ്ചിത സമയപരിധിക്കുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ടെന്നു ഉറപ്പു വരുത്തേണ്ടതാണ്. ഉദ്യോഗക്കയറ്റ തസ്തികയുടെ ഫീഡർ കാറ്റഗറി ആയ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് റിപ്പോർട്ടിനൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞിരിക്കുന്ന സീനിയോറിറ്റി ക്രമ നമ്പറുകൾക്ക് മുന്നിലോ മുൻകാലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റുകളിലോ ഉൾപ്പെട്ടവരും എന്നാൽ വിവിധ കാരണങ്ങളാൽ മുൻ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടാതെ പോയതുമായ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലെ ജീവനക്കാർ സർവ്വീസിൽ തുടരുന്നുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാർക്കും കോൺഫിഡൻഷ്യൽ റിപ്പോർട്ടും സെൽഫ് അസ്സസ്സ്മെന്റും സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്ന ജീവനക്കാർ പ്രസ്തുത വിവരം ആമുഖ കത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

ശിശു വികസന പദ്ധതി ഓഫീസർമാർ സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളുടെ റിപ്പോർട്ടിംഗ് ഓഫീസർ അതാതു ജില്ലയിലെ പ്രോഗ്രാം ഓഫീസറും റിവ്യൂയിംഗ് അതോരിട്ടി ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും ആയിരിക്കും. കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ മുകളിലായി ജീവനക്കാർ പെൻ നമ്പറും മൊബൈൽ നമ്പറും രേഖപ്പെടുത്തേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ വെട്ടിത്തിരുത്ത്, Over writing, Correction Ink ന്റെ ഉപയോഗം എന്നിവ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഒരോ റിപ്പോർട്ടും റിവ്യൂ ചെയ്യുന്ന മേലുദ്യോഗസ്ഥർ ഇക്കാര്യം ഉറപ്പ് വരുത്തിയിരിക്കണം.

15.02.2021 ന് മുമ്പായി കോൺഫിഡൻഷ്യൽ റിപ്പോർട്ടും സെൽഫ് അസ്സസ്സ്മെന്റും സമർപ്പിക്കാത്തവരെയും അപാകതയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നവരെയും ഇനിയൊരു അറിയിപ്പ് കൂടാതെ തന്നെ ഒഴിവാക്കി ഡി.പി.സി (ഹയർ) കൂടുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

വനിതാശിശു വികസന ഡയറക്ടർക്കു വേണ്ടി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

<u>പകർപ്പ്</u>

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും

സൂപ്രണ്ട്, ഐ ടി സെൽ

സ്റ്റോക്ക് ഫയൽ / സ്പെയർ